പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7705 15.07.2014 ൽ മറുപടി പറയേണ്ടിയിരുന്നത്

## മനുഷ്യാവകാശകമ്മീഷനിൽ പോലീസുകാർക്കെതിരെ കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈസർക്കാർ അധികാരത്തിൽവന്നതിനുശേഷം ഓരോവർഷവും മനുഷ്യാവകാശകമ്മീഷനിൽ എത്രപോലീസുകാർക്കെതിരെ കേസ്സുകൾ എടുത്തിട്ടുണ്ട്; അവർ ആരെല്ലാം; എന്തുനടപടികൾ ഇവർക്കെതിരെ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;<br><br>(ബി) മനുഷ്യാവകാശകമ്മീഷൻ എത്ര പോലീസുകാർക്കെതിരെ ഈകാലയളവിൽ വിധി പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഏതെല്ലാം കേസുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദാംശം വ്യക്തമാക്കുമോ;<br><br>(സി) ക്രമസമാധാന പരിപാലനം ,പൗരമാരുടെ ജീവനും സ്വത്തിനും സംരക്ഷണം തുടങ്ങിയ സുപ്രധാന മേഖലകളിൽ പോലീസ് റസ്പോണ്ടന്റ് ആയ എത്രകേസ്സുകൾ 2011-12, 2012-13, 2013-14 വർഷങ്ങളിൽ മനുഷ്യാവകാശകമ്മീഷന്റെ മുമ്പിൽ വന്നിട്ടുണ്ട്. എത്രകേസ്സുകൾ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (എ) മുതൽ (സി) വരെ<br>2011 ൽ 5561 ഉം, 2012 ൽ 7489 ഉം. 2013 ൽ 9144 ഉം ഹ്യൂമൻറൈറ്റ്സ് മിസലേനിയസ് പെറ്റീഷനുകൾ കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മനുഷ്യാവകാശ കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ ഹ്യൂമൻറൈറ്റ്സ് മിസലേനിയസ് പെറ്റീഷൻ രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യുമ്പോൾ പരാതിക്കാരന്റെ പേരും മേൽവിലാസവും പെറ്റീഷൻ നമ്പരും മാത്രം രേഖപ്പെടുത്തുന്ന രീതിയാണ് കമ്മീഷനിൽ അവലംബിച്ചു പോരുന്നത്. ആയതിനാൽ പരാതികൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഏത് അധികാര സ്ഥാപനത്തിനെതിരെയുള്ള പരാതികളാണെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പോലീസിനെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര കേസുകൾ എടുത്തിട്ടുണ്ട്, അവർ ആരെല്ലാം എന്നും കൃത്യമായി വിവരം നൽകാൻ കഴിയില്ല. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിലെ അനാഥാലയങ്ങളുടെ നടത്തിപ്പും കുട്ടികളുടെ അവകാശസംരക്ഷണത്തിനുമായി കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങൾ ആഭ്യന്തരവകുപ്പിന് നൽകിയിട്ടുണ്ട്; ആയതിൽ എന്തുനടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ; | (ഡി) കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. അവ പരിശോധിച്ചുവരുന്നു. |

സെക്ഷൻഓഫീസർ

ശുപാർശകൾ

(i) കുട്ടികളുടെ വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നും വിവിധ നിയമങ്ങൾ പ്രകാരമുള്ള രജിസ്റ്ററുകൾ അനാഥാലയങ്ങളിൽ കൃത്യമായി സൂക്ഷിക്കണമെന്നും അധികാരികൾ അവിടങ്ങളിൽ പ്രവേശിക്കപ്പെടുന്ന കുട്ടികളുടെ പേരും മേൽവിലാസവും അവരുടെ മാതാപിതാക്കളുടെ പേരും മേൽവിലാസവും രജിസ്റ്ററിൽ കൃത്യമായി സൂക്ഷിക്കണമെന്നും ഇത് സംബന്ധിച്ച് വിശദമായ ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്നും അനാഥാലയങ്ങൾ വിടുന്ന കുട്ടികൾ അവരുടെ വീടുകളിലെത്തുന്നുണ്ടോയെന്നും അവർക്ക് തൊഴിൽ ലഭിക്കുന്നുണ്ടോയെന്നും ക്രിമിനൽ പ്രവൃത്തികളിലോ തീവ്രവാദ പ്രവർത്തനങ്ങളിലോ, അവർ ഏർപ്പെടുന്നുണ്ടോയെന്നും പരിശോധിക്കുന്നതിന് ഒരു സംവിധാനമുണ്ടാക്കണമെന്നും;

(ii) അനാഥാലയങ്ങളിലെ ജീവനക്കാർക്ക് കുട്ടികളുമായും മറ്റുള്ളവരോടും എപ്രകാരം പെരുമാറണമെന്ന് അറിയുന്നതിനും ചിൽഡ്രൻസ് ഹോമിലും അനാഥാലയങ്ങളിലും പ്രവേശിക്കപ്പെടുന്ന കുട്ടികളെയും പൊതുജനങ്ങളെയും സംബന്ധിച്ചുള്ള വിവിധ നിയമങ്ങളെക്കുറിച്ച് അവരെ അവബോധവൽക്കരിക്കുന്നതിനും അപ്രകാരമുള്ള നിയമങ്ങളിലെ നിഷ്കർഷകൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും അവർക്ക് ആവശ്യമായ പരിശീലനം നൽകണമെന്നും ഇത് സംബന്ധിച്ച് വിശദമായ ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്നും;

(iii) സംരക്ഷണ കേന്ദ്രങ്ങളിൽ പ്രവേശിക്കപ്പെടുന്ന കുട്ടികൾ എല്ലാവരും അനാഥരല്ലാത്തതിനാൽ "അനാഥാലയങ്ങൾ" എന്ന വാക്ക് "കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ" എന്ന് ബാലനീതിനിയമത്തിൽ പറയും പ്രകാരം മാറ്റുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്നും;

(iv) സർക്കാർ നടത്തുന്ന കുട്ടികളുടെ സംരക്ഷണ കേന്ദ്രങ്ങളിൽ മതിയായ സൗകര്യങ്ങൾ ഒരുക്കണമെന്നും;

(v) അനാഥാലയങ്ങൾക്ക് ഉദാരമതികളിൽ നിന്ന് ലഭിക്കുന്ന സംഭാവനകൾ അവിടങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനു വേണ്ടി തന്നെ ചെലവഴിക്കുന്നുവെന്നും സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാൻറ് ശരിയായ രീതിയിൽ തന്നെയാണ് ഉപയോഗിക്കുന്നതെന്നും പരിശോധിക്കുന്നതിന് മതിയായ പരിശോധന വേണമെന്നും മുക്കം അനാഥാലയം സർക്കാരിൽ നിന്ന് ഗ്രാൻറ് ലഭിക്കുന്നതിനുള്ള അപേക്ഷയിൽ 2012–13 ൽ വിദേശ സഹായം സ്വീകരിച്ചിട്ടില്ലെന്നു കാണിക്കുകയും എന്നാൽ കേന്ദ്ര ആഭ്യന്തര വകുപ്പിന് ഫോറിൻ എക്സേഞ്ച് റഗുലേഷൻ നിയമപ്രകാരം 2012–13-ൽ നൽകിയ റിട്ടേണിൽ റെഡ് ക്രസൻറിൽ നിന്ന് 2012–13-ൽ അനാഥരുടെ ക്ഷേമത്തിനായി എട്ട് ലക്ഷം രൂപയിലധികം സ്വീകരിച്ചതായി പറയുന്നുവെന്ന് കമ്മീഷന് മനസ്സിലാക്കുവാൻ സാധിച്ചുവെന്നും ഗ്രാൻറിനുള്ള അപേക്ഷയിൽ വിദേശ സഹായം സ്വീകരിച്ചിട്ടില്ലെന്നും കേന്ദ്ര ആഭ്യന്തര വകുപ്പിന് നൽകിയ റിട്ടേണിൽ വിദേശ സഹായം സ്വീകരിച്ചതായും പറയുന്നതായി കാണുന്നുവെന്നും ഇക്കാര്യം ഫോറിൻ എക്സേഞ്ച് റഗുലേഷൻ നിയമപ്രകാരമുള്ള അധികാര കേന്ദ്രങ്ങൾക്കും കേന്ദ്ര സർക്കാരിനും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനും അന്വേഷിക്കാവുന്നതാണെന്നും ഇക്കാര്യങ്ങൾ സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും അന്വേഷിക്കാവുന്നതാണെന്നും മാത്രമല്ല, വിദേശ സഹായം സ്വീകരിക്കുന്നതിലും ഗവൺമെൻറ് ഫണ്ട് ഉപയോഗിക്കുന്നതിലും തിരിമറിയുണ്ടോയെന്ന് സംസ്ഥാന വിജിലൻസിനും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനും അന്വേഷിക്കാവുന്നതാണെന്നും സഹായങ്ങൾ സ്വീകരിക്കുന്നത് സംരക്ഷണ കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ കർശനമായ ചട്ടങ്ങൾ ഉണ്ടാക്കണമെന്നും;

(vi) ചൈൽഡ് വെൽഫയർ കമ്മിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് അംഗങ്ങളും ഇത്തരം സംരക്ഷണ കേന്ദ്രങ്ങൾ കാലാകാലങ്ങളിൽ സന്ദർശിക്ക ണമെന്നും യുക്തമായ നിർദ്ദേശങ്ങൾ സ്ഥാപന അധികാരികൾക്ക് നൽകണമെന്നും നിയമപ്രകാരമുള്ള പരിഹാര നടപടികൾ എടുക്കണമെന്നും;

(vii) പാവപ്പെട്ട കുട്ടികളെയും അനാഥരെയും കാഴ്ചക്കും കേൾവിക്കും തകരാറുള്ളവരേയും മാനസികവൈകല്യമുള്ള കുട്ടികളേയും നല്ല നിലയിൽ സംരക്ഷിക്കുന്ന കുട്ടികളുടെ സംരക്ഷണ കേന്ദ്രങ്ങളെ സംരക്ഷിക്കേണ്ടതുണ്ടെന്നും അവർക്ക് കൂടുതൽ സഹായം നൽകേണ്ടതുമാണെന്നും നിയമലംഘനം നടത്തുന്നതും വ്യക്തിപരമായതും ധനപരമായതുമായ നേട്ടങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടിയെടുക്കേണ്ടതുമാണെന്നും അറിവില്ലായ്മ കൊണ്ട് ഏതെങ്കിലും സ്ഥാപനം നിയമം ലംഘിക്കുന്നുണ്ടെങ്കിൽ, അത്തരം സ്ഥാപനങ്ങൾ അവരുടെ പ്രവർത്തികൾ മുഖേന നിയമവിരുദ്ധ നേട്ടങ്ങൾ ഉണ്ടാക്കുന്നില്ലെങ്കിൽ, അവർക്ക് അവരുടെ തെറ്റുകൾ തിരുത്തുന്നതിന് അവസരം നൽകണമെന്നും ശുപാർശ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ